(ബി) ഇല്ലെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള സംവിധാനം മാറ്റുന്നത്, വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായി വരുന്നത്, സ്ത്രീ ശാക്തീകരണമാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത

212 (1256) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നതിന്റെയും ഇത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള കേസുകളിൽ എന്ത് ശിക്ഷയാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ പരിശോധന ഇന്ന് പൊതുവിപണിയിലും, പൊതുവിതരണ കേന്ദ്രങ്ങളിലും നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 487 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	48
കൊല്ലം	-	121
പത്തനംതിട്ട	-	5
ആലപ്പുഴ	-	32
കോട്ടയം	-	10

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	-	1
എറണാകുളം	-	38
തൃശ്ശൂർ	-	15
പാലക്കാട്	-	153
മലപ്പുറം	-	25
കണ്ണൂർ	-	10
കാസർഗോഡ്	-	29
ആകെ		487

(ബി) ഇത്തരത്തിലുള്ള കേസുകളിൽ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നു. പിടിച്ചെടുക്കുന്ന ഭക്ഷ്യസാധനങ്ങൾ പൊതുവിതരണ ശൃംഖല വഴി വിറ്റഴിച്ച് വിൽപ്പനവില റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുന്നു. കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയും ചെയ്യാറുണ്ട്. ഉടനെ അറസ്റ്റ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികളും സ്വീകരിക്കുന്നു.

റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ

213 (1257) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും ലജിസ്ലേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻ കടകൾ നേരിടുന്ന പ്രശ്നങ്ങൾ തീർക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും റേഷൻ കട നടത്തുന്നവർക്ക് നിശ്ചിത വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടി ആലോചനയിലുണ്ടോ ;

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റെന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ? ഇതിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly